# ജമാഅത്തെ ഇസ്‌ലാമിയുടെ പരാജയം?

■ *"ഗാന്ധിജിയെപ്പറ്റി പറയുമ്പോൾ അദ്ദേഹത്തിന് തന്റെ രാഷ്ട്രീയം മുഴുവനായും അദ്ദേഹത്തിന്റെ മതത്തിന്റെ പ്രകടനമായിരുന്നു. ഗാന്ധിജിയും ഒരുകാലത്ത് അറേബ്യയിലുണ്ടായിരുന്ന പ്രവാചകൻ മുഹമ്മദും രാഷ്ട്രീയത്തെയും മതത്തെയും കൂട്ടിക്കുഴച്ചവരായിരുന്നു. മുഹമ്മദ് നബി മുഴുവൻ സമയ പ്രവാചകനാണെന്നതുപോലെ തന്നെ സൈന്യാധിപനും ഭരണാധികാരിയുമായി 'ഖാലിഫേറ്റ്' സ്ഥാപിച്ച് തന്റെ ജനങ്ങൾക്ക് ഏൽപിച്ചുകൊടുത്ത മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായിരുന്നു. തീരെ ഇരുളടഞ്ഞ അറബികളെ വഴക്കിയെടുക്കാനുള്ള പുരോഗമനപരമായ ആശയങ്ങളായിരുന്നു അദ്ദേഹമുണ്ടാക്കിയ നിയമസംഹിതകളെല്ലാം. പക്ഷേ, മുഹമ്മദ് നബിയുടെ പിന്തുടർച്ചക്കാരെന്നറിയപ്പെടുന്ന ഇസ്‌ലാംമതവിശ്വാസികൾ രാഷ്ട്രീയവും മതവിശ്വാസവും തമ്മിൽ വേർതിരിക്കുന്നു. ഇതെങ്ങനെ വേർതിരിക്കാൻ കഴിയുന്നുവെന്നുള്ളത് എന്റെ സംശയമാണ്" (എം.ജി.എസ് നാരായണൻ, സമകാലിക മലയാളം വാരിക 2007 ജൂലൈ 27).*

*"കമ്യൂണിസം കഴിഞ്ഞാൽ സാമ്രാജ്യത്വത്തിന് തലവേദന മറ്റൊരു ചൂഷണവിരുദ്ധ പ്രത്യയശാസ്ത്രം കൂടിയായ ഇസ്‌ലാമാണ്.... ലോകതലത്തിൽ ഇന്ന് കമ്യൂണിസവും ഇസ്‌ലാമുമാണ് മുതലാളിത്ത സാമ്രാജ്യത്വത്തിനെതിരെ ആദർശപരമായും ആയുധപരമായും ആർജവത്തോടെ നിലകൊള്ളുന്നത്" (പന്ന്യൻ രവീന്ദ്രൻ എം.പി, മാധ്യമം 2007 ഒക്ടോബർ 26).*

*"മാർക്സിസത്തിന് നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഉത്ഭവിച്ച ഇസ്‌ലാം ഉള്ളവനിൽനിന്ന് ഇല്ലാത്തവന് സമ്പത്ത് വിതരണം ചെയ്യേണ്ട രീതിയെക്കുറിച്ച് പറയുന്നത് മനസ്സിലാക്കിയാൽ 'ദി കാപിറ്റൽ' മുഖ്യമായും ഇസ്‌ലാമിന്റെ സാമ്പത്തിക വിതരണ പദ്ധതിയുടെ രാഷ്ട്ര സമ്പന്ന നിർധാരണത്തിൽനിന്ന് ആത്മീയത ചോർത്തിക്കളഞ്ഞ, നിർമതത്വം മാത്രമാണെന്ന് മനസ്സിലാക്കാം.......... ഇസ്‌ലാമിനെ അടുത്തറിയണമെങ്കിൽ ലേഖകൻ (ഹമീദ് ചേന്ദമംഗല്ലൂർ) പറയുന്ന 'രാഷ്ട്രീയ ഇസ്‌ലാം' എന്തെന്നുകൂടി മനസ്സിലാക്കണം. ലോകത്തിലാദ്യമായി സ്വയം പര്യാപ്തമായ മൊണാർക്കിയുടെ ലാഞ്ഛന പോലുമില്ലാത്ത, ഒരു മതേതരമായ ജനാധിപത്യരാഷ്ട്രം സ്ഥാപിച്ചത് മുഹമ്മദ് നബിയാണ്" (യൂസഫലി കേച്ചേരി, സമകാലിക മലയാളം, 2007 ആഗസ്റ്റ് 31).*

*സാംസ്കാരിക-രാഷ്ട്രീയ-കലാരംഗങ്ങളിലെ മൂന്ന് പ്രമുഖ വ്യക്തിത്വങ്ങൾ ഈയിടെ ഇസ്‌ലാമിനെ സംബന്ധിച്ച് പ്രകടിപ്പിച്ച അഭിപ്രായങ്ങളാണിവ. ഇസ്‌ലാമിനെക്കുറിച്ച് സാമാന്യജ്ഞാനം ആർജിക്കുന്നവർക്കു പോലും അതിന്റെ രാഷ്ട്രീയ ഉള്ളടക്കം അഥവാ പ്രത്യയശാസ്ത്രമുഖം വ്യക്തമായി മനസ്സിലാക്കാമെന്ന് തെളിയിക്കുന്നതാണ് ഈ ഉദ്ധരണികൾ. എന്നാൽ മതബോധമുള്ള മുസ്‌ലിംകളിൽതന്നെ ബഹുഭൂരിപക്ഷവും ഈ വശം ഉൾക്കൊള്ളാനാവാതെ ദീനിന്റെ സമഗ്രതയെ നിരാകരിച്ചു കഴിയുന്നു. അര നൂറ്റാണ്ടു പ്രവർത്തിച്ച ജമാഅത്തെ ഇസ്‌ലാമി ഈയടിസ്ഥാനത്തിൽ തികഞ്ഞ പരാജയമാണെന്ന് വിലയിരുത്തിക്കൂടേ? ഒട്ടേറെ പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും മാധ്യമശൃംഖലയുമുള്ള സംഘടനക്ക് പ്രബുദ്ധകേരളത്തിൽ പോലും മുസ്‌ലിംകളിൽ 25 ശതമാനത്തെതന്നെ ഈ സന്ദേശം ബോധ്യപ്പെടുത്താനായില്ലെന്നത്, സംഘടനയുടെ പ്രവർത്തനരീതിയിലുള്ള തകരാറല്ലേ കാണിക്കുന്നത്?*

***ടി.പി മുഹമ്മദ് അശ്ഫാഖ് വടകര***

**ഇ**രുപതാം നൂറ്റാണ്ടിൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിലും തുടർന്ന് ലോകത്തും ഇസ്‌ലാമിനെ സമ്പൂർണ ജീവിതവ്യവസ്ഥയായി അവതരിപ്പിച്ചതും താരതമ്യേന നിഷ്പക്ഷരായ ചിന്താശീലരെക്കൊണ്ട് അക്കാര്യം അംഗീകരിപ്പിച്ചതും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ വിശിഷ്യാ ജമാഅത്തെ ഇസ്‌ലാമിയാണെന്ന സത്യം ആർക്ക് നിഷേധിക്കാനാവും? മുല്ലമാരും മൗലവിമാരും കാഴ്ചവെച്ച സങ്കുചിത മതവീക്ഷണത്തിൽനിന്ന് ഇസ്‌ലാമിനെ മോചിപ്പിച്ചതാണ് ഇസ്‌ലാമിക പ്രസ്ഥാനം ചെയ്ത ഏറ്റവും വലിയ സേവനം. പഠിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന മുസ്‌ലിം സമൂഹത്തിലെ ഭൂരിപക്ഷവും ഇസ്‌ലാമിന്റെ സമഗ്ര ദർശനം നിരാകരിക്കുന്നവരല്ല. പൗരോഹിത്യത്താൽ നയിക്കപ്പെടുന്ന മതവിഭാഗീയ കൂട്ടായ്മകളുടെ കണ്ണടച്ചുള്ള എതിർപ്പിനെ മാത്രം മുൻനിർത്തി ഒരു നിഗമനത്തിലെത്തുന്നതു ശരിയല്ല. സ്വാർഥ താൽപര്യങ്ങളും അസൂയയുമാണ് അവരിൽ മിക്കവരെയും നയിക്കുന്നത്. അവർ പോലും മുഖ്യശത്രുവായി ഇസ്‌ലാമിക പ്രസ്ഥാനത്തെ കാണുന്നത് അതിന്റെ വിജയത്തിന് സാക്ഷ്യമാണ്.

## നൈരാശ്യത്തിന്റെ രോദനം

■ "ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാർഥി വിഭാഗത്തെ ഫലപ്രദമായി ചെറുക്കാൻ എസ്.എഫ്.ഐക്ക് സാധിക്കുമോ? കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പു തൊട്ട് കേരളത്തിലെ സി.പി.ഐ.എം ജമാഅത്തെ ഇസ്‌ലാമിയോട് സ്വീകരിച്ചുപോരുന്ന മൃദുസമീപനമാണ് ഈ സംശയത്തിനാധാരം. വർഗീയതയെക്കുറിച്ചും മതതീവ്രവാദത്തെക്കുറിച്ചുമൊക്കെ സംസാരിക്കുമ്പോൾ ജമാ

അത്തെ ഇസ്‌ലാമിയെ പരാമർശിക്കാതിരിക്കുക എന്ന നയമാണ് ഇപ്പോൾ പാർട്ടി അനുവർത്തിക്കുന്നത്. മാസങ്ങൾക്കു മുമ്പ് ഡി.വൈ.എഫ്.ഐ സംസ്ഥാനത്ത് തീവ്രവാദവിരുദ്ധ പ്രചാരണം സംഘടിപ്പിച്ചപ്പോൾ അവരും ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് മിണ്ടാതിരിക്കാൻ ജാഗ്രത കാണിച്ചു. ഇന്ത്യാ ഉപവൻകരയിലെ മുസ്‌ലിം സമൂഹത്തിൽ മതമൗലികവാദപരവും മതതീവ്രവാദപരവുമായ ആശയങ്ങൾ ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകാചാര്യനായ മൗദൂദിയിൽനിന്നാണ് നിർഗളിച്ചതെന്നു അവർക്കറിയാഞ്ഞിട്ടല്ല. സീതാറാം യെച്ചൂരിയെപ്പോലുള്ളവർ അക്കാര്യം അർഥശങ്കക്കിടയില്ലാത്തവണ്ണം നേരത്തേ വ്യക്തമാക്കിയിട്ടുണ്ട്..........."

(ഹമീദ് ചേന്ദമംഗല്ലൂർ– 'കാമ്പസ്സുകളുടെ വർഗീയവത്കരണത്തെ ചെറുക്കുമ്പോൾ', *ജനശക്തി* വാരിക, 2007 ഒക്ടോബർ 12. ലേഖനത്തിലെ ഈ ഭാഗങ്ങൾ 'വീണ്ടും വായിക്കാൻ' കോളത്തിൽ *ശബാബ്* വാരിക– 2007 നവംബർ 9– പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്).

മുജീബിന്റെ പ്രതികരണം?

**അബൂ മിൻഹ ഒതളൂർ**

**ഇ**സ്‌ലാമിക പ്രസ്ഥാനത്തോടുള്ള യുക്തിരഹിതവും വിവേകശൂന്യവുമായ എതിർപ്പ്, അറിയപ്പെട്ട നാസ്തികരെയും മതനിരാസികളെയും വരെ ഏറ്റുപാടാൻ നിർബന്ധിക്കുന്ന 'ജിഹാദി'നെയോർത്ത് ആദ്യമായി സഹതപിക്കുക.

ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് സി.പി.എമ്മിനെ ബോധവത്കരിക്കാൻ നേരം കളയുന്ന കപടബുദ്ധിജീവികൾക്ക് താറാവിന്റെ കുഞ്ഞിനെ നീന്തൽ പഠിപ്പിക്കാൻ പോവുകയാണ് ഇതിലും ഭേദപ്പെട്ട ജോലി. ജമാഅത്തിനെക്കുറിച്ച് സി.പി.എമ്മിനോ നേരെ മറിച്ചോ തെറ്റിദ്ധാരണകളൊന്നും ഇല്ല. ഒന്ന് ദൈവിക ജീവിതദർശനത്തിലൂന്നിയ ധാർമിക പ്രസ്ഥാനമാണെങ്കിൽ മറ്റേത് വൈരുധ്യാധിഷ്ഠിത ഭൗതികവാദത്തിലധിഷ്ഠിതമായ മാർക്സിസ്റ്റ് പ്രസ്ഥാനമാണ്. രണ്ടും തമ്മിൽ മൗലികമായ ഭിന്നതകളുണ്ട്. എന്നാൽ ആധുനിക മനുഷ്യസമൂഹം നേരിടുന്ന ഏറ്റവും കടുത്ത ഭീഷണിയും വെല്ലുവിളിയും മുതലാളിത്ത സാമ്രാജ്യത്വത്തിന്റേതാണെന്ന് ഇടതുപക്ഷവും ഇസ്‌ലാമിക പ്രസ്ഥാനവും ഒരുപോലെ തിരിച്ചറിയുന്നു. ഇന്ത്യയെ സംബന്ധിച്ചേടത്തോളം ഫാഷിസം ഉയർത്തുന്ന ഭീഷണിയുടെ ഗൗരവവും അവർ ഉൾക്കൊള്ളുന്നു. അതിനാൽ ആശയസമരം തുടരുന്നതോടൊപ്പം മുഖ്യശത്രുക്കൾക്കെതിരായ പോരാട്ടത്തിൽ സാധ്യമാവുന്നേടത്തോളം ഒരുമിക്കുക എന്ന പ്രായോഗിക സമീപനമാണ് ഇരുപക്ഷവും സ്വീകരിച്ചിരിക്കുന്നത്. ഇതുപേക്ഷിച്ച് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കെതിരെ സാമ്രാജ്യത്വ-മുതലാളിത്ത ശക്തികളോടു പോലും കൈക്കോർക്കുകയാണ് നല്ലതെന്ന് ചിന്തിക്കാൻ മാത്രം വിദ്വേഷം സി.പി.എമ്മിനെയോ അതിന്റെ പോഷക സംഘടനകളെയോ കീഴടക്കിയിട്ടുണ്ടാവില്ല. അതിലുള്ള നൈരാശ്യം ഹമീദിനെപ്പോലുള്ളവർ പ്രകടിപ്പിച്ചുകൊണ്ടേയിരിക്കുന്നതിന് വിശേഷമൊന്നുമില്ല. മറ്റെന്താണ് അവർക്ക് പറയാനാവുക?

## പിരിച്ചുവിട്ടാൽ എന്തു നഷ്ടം?

■ *"ജമാഅത്തെ ഇസ്‌ലാമി എന്ന പ്രസ്ഥാനം ഈ നിമിഷം പിരിച്ചുവിട്ടാൽ ഇന്ത്യൻ മുസ്‌ലിംകൾക്ക് എന്തു നഷ്ടമാണ് വരാൻ പോകുന്നത്?......... അബുൽ അഅ്‌ലാ മൗദൂദി സ്ഥാപിക്കാൻ ഉദ്ദേശിച്ച ഒരു സിദ്ധാന്തവും സഫലമായതിനു ഒരു ചരിത്രരേഖയുമില്ല. പരാജയങ്ങളുടെ പതിറ്റാണ്ടുകൾ മാത്രം പ്രവർത്തനരേഖയിൽ പതിഞ്ഞുകിടക്കുന്ന ഇതുപോലൊരു പ്രസ്ഥാനവും ഇസ്‌ലാമിക ലോകത്തില്ല. ഇസ്‌ലാമിക വിശ്വാസങ്ങളുടെ അന്തസ്സത്ത ചോർത്തിക്കളഞ്ഞ മിഥ്യാധാരണകൾ മാത്രമാണ് മൗദൂദിസത്തിന്റെ മണ്ണും വളവുമെന്നതിന് ഇതിലും വലിയ വേറെന്ത് തെളിവ്? എന്നാൽ, മുഹമ്മദ് ഇബ്നു അബ്ദുൽ വഹാബിന്റെ നവോത്ഥാന യത്നങ്ങൾ എത്ര വലിയ വിജയവും മാതൃകയും സ്ഥാപിച്ചുവെന്നതിന് ജമാഅത്തുകാർ തന്നെ സാക്ഷ്യപ്പെടുത്തിയ ഈ അമൂല്യ രേഖ നോക്കൂ: 'വിശാലമായ ഇസ്‌ലാമിക ലോകത്തെ ഏതാണ്ടെല്ലാ മേഖലകളിലും വന്ന വിശ്വാസപരവും ധാർമികവുമായ ജീർണതകൾക്കെതിരെ മുഹമ്മദ് ഇബ്നു അബ്ദുൽ വഹാബ് പോരാടി. സത്യപ്രബോധനത്തിനു രാഷ്ട്രീയശക്തിയും വേണമെന്ന് മനസ്സിലാക്കിയ അദ്ദേഹം നാട്ടുപ്രമാണിമാരുടെയും ഗോത്രതലവന്മാരുടെയും സഹകരണം തേടി. ഇബ്നു സുഊദിന്റെ രാഷ്ട്രീയ പിൻബലം ശൈഖിന്റെ പ്രസ്ഥാനത്തിന് ഇസ്‌ലാമിക നവോത്ഥാനത്തിൽ വിജയിച്ച പ്രസ്ഥാനമെന്ന പദവി നേടിക്കൊടുത്തു. ഭരണ സ്വാധീനമുപയോഗിച്ച് ബഹുദൈവവിശ്വാസ പ്രമാണമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും തുടച്ചുനീക്കാൻ അദ്ദേഹത്തിന് സാധിച്ചു'–ഇസ്‌ലാമിക വിജ്ഞാനകോശം, രണ്ടാം ഭാഗം ഐ.പി.എച്ച്– (ശബാബ് വീക്ക്‌ലി 2007 നവംബർ 16, പേജ് 10).*

*ആചാരാനുഷ്ഠാനങ്ങളുടെ ബാഹ്യരൂപത്തെക്കുറിച്ചുള്ള വാദപ്രതിവാദങ്ങളിൽ തളച്ചിടപ്പെട്ട തങ്ങളുൾപ്പെടെയുള്ള സമുദായത്തിന് ഇസ്‌ലാമിക ആദർശത്തിന്റെ സൗന്ദര്യവും ഗരിമയും ബോധ്യപ്പെടുത്തിയ ഇസ്‌ലാമിക പ്രസ്ഥാനത്തെ പിരിച്ചുവിടാൻ ഇവർക്കുള്ള വ്യഗ്രതക്ക് കാരണമെന്താവാം? ഭൗതികദർശനങ്ങളുടെ ഭൂമികയിൽ രാഷ്ട്രീയം കളിക്കാനും അതിലൂടെ ഭാഗവാക്കാവുന്ന തിന്മകളെ നിസ്സാരവത്കരിക്കാനും മടിയില്ലാത്ത ഇക്കൂട്ടർ സത്യപ്രബോധനത്തിന്റെ പൂർണതക്ക് ഒരർഥത്തിലുള്ള ഇസ്‌ലാമിക ഭരണം സ്ഥാപിച്ച മുഹമ്മദ് ഇബ്നു അബ്ദുൽ വഹാബിന്റെ പൈതൃകം അവകാശപ്പെട്ട് മേനിപറയുന്നതിന്റെ യുക്തി എന്താണ്?*

***അബു മുഹമ്മദ് ലുജു***
***ബഹ്റൈൻ***

**ഒ**രു വ്യക്തിയെ ആത്മഹത്യക്ക് പ്രേരിപ്പിക്കുന്നതിനു തുല്യമാണ് സ്വയം പിരിച്ചുവിടണമെന്ന് സംഘടനയോട് ആവശ്യപ്പെടുന്നതും. സത്യവും ക്ഷമയും പരസ്പരം ഉപദേശിക്കാനാണ്, സ്വയം ഇല്ലാതാക്കാൻ ആരെയും ഉപദേശിക്കാനല്ല ഖുർആൻ പഠിപ്പിച്ചത്. മുജാഹിദ് സുഹൃത്തുക്കളെ ബാധിച്ച പക്ഷപാതിത്വരോഗം ഇസ്‌ലാമിക പ്രസ്ഥാനത്തോടുള്ള സമീപനത്തിൽ അവരുടെ സമനില നഷ്ടപ്പെടുത്തിയിരിക്കുന്നു.

സത്യത്തെ സത്യമായും അസത്യത്തെ അസത്യമായും കാണാനുള്ള ആർജവമാണ് യാഥാസ്ഥിതികരിൽനിന്നും ഉൽപതിഷ്ണുക്കളിൽനിന്നും ഇസ്‌ലാമിക പ്രസ്ഥാനത്തെ വേർതിരിച്ചുനിർത്തുന്നത്. വഹാബി പ്രസ്ഥാനത്തെ മുസ്‌ലിംലോകത്തെ ആഴത്തിൽ പിളർക്കാനുള്ള ബ്രിട്ടീഷ് ഗൂഢാലോചനയുടെ സന്തതിയായി പലരും ചിത്രീകരിക്കെ, അതിനെ ഒരു പരിഷ്കരണ പ്രസ്ഥാനമായും ശൈഖ് മുഹമ്മദുബ്നു അബ്ദിൽ വഹാബിനെ പരിഷ്കർത്താവായും അവതരിപ്പിക്കാൻ ആർജവം കാട്ടി സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയും ജമാഅത്തെ ഇസ്‌ലാമിയും. ഇന്നും സാർവദേശീയ തലത്തിൽ സലഫി സംഘടനകളെ തനി തീവ്രവാദ പ്രസ്ഥാനങ്ങളായി ചിത്രീകരിക്കാൻ മീഡിയ ശ്രമിക്കുമ്പോൾ അതിനു ജയജയ പാടാൻ ഇസ്‌ലാമിക പ്രാസ്ഥാനിക ജിഹ്വകൾ തയാറല്ല. അതേസമയം, ആലു സഊദ് കുടുംബത്തെ സ്വാധീനിച്ച് അറേബ്യയെ തൗഹീദിൽ അധിഷ്ഠിതമായ ഒരു രാജ്യമാക്കാൻ പ്രയത്നിച്ചതാണ് ഇബ്നു അബ്ദിൽ വഹാബിന്റെ വിജയം. അദ്ദേഹം മത-രാഷ്ട്ര വിഭജനവാദക്കാരനും ഇസ്‌ലാമിന്റെ അരാഷ്ട്രീയവത്കരണവാദിയും ആയിരുന്നെങ്കിൽ പരിഷ്കരണ യത്നങ്ങൾ തീർത്തും പരാജയപ്പെട്ടേനെ. ഇന്ത്യാ

ഉപഭൂഖണ്ഡത്തിൽ രാഷ്ട്രീയ സാമ്പത്തിക മേഖലകളിലടക്കം ഇസ്‌ലാമിന്റെ സമ്പൂർണ സംസ്ഥാപനത്തിന് വേണ്ടി അഹോരാത്രം പണിയെടുത്തതാണ് സയ്യിദ് മൗദൂദിയുടെ ഏറ്റവും ശ്രദ്ധേയമായ നേട്ടം. തന്മൂലം നിലവിലെ പാകിസ്താനിൽ ദയൂബന്ദി-ബറേൽവി-സലഫി സംഘടനകൾക്കടക്കം ജമാഅത്തെ ഇസ്‌ലാമിയോട് ചേർന്ന് മുന്നണി രൂപവത്കരിച്ച് ദേശീയ അസംബ്ലിയിൽ പ്രധാന പ്രതിപക്ഷമായി ഉയരാൻ സാഹചര്യമുണ്ടായി. അതാണ് എം.എം.എ. അമേരിക്കൻ സാമ്രാജ്യത്വത്തിനും അതിന്റെ പാദസേവകർക്കും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പേടിസ്വപ്നവുമായി. രാഷ്ട്രാന്തരീയ തലത്തിൽ നടക്കുന്ന ഈ പോരാട്ടത്തിൽ കേരളത്തിലെ മുജാഹിദ് സംഘടനകൾ എവിടെ നിൽക്കുന്നു എന്നതാണ് പ്രസക്തമായ ചോദ്യം. ഫലത്തിൽ മതത്തിന്റെ രാഷ്ട്രീയ ഇടപെടൽ അവരും അംഗീകരിക്കേണ്ടിവന്നതിന്റെ ഉദാഹരണങ്ങളാണ് സ്വന്തം പ്രസിദ്ധീകരണങ്ങളിലെ നിരന്തരമായ രാഷ്ട്രീയ കുറിപ്പുകളും പാസ്സാക്കുന്ന പ്രമേയങ്ങളും. ഇത് മറച്ചുവെക്കാൻ 'മൗദൂദിസം' എന്ന സാങ്കൽപിക ഭൂതത്തെ പഴിച്ചിട്ടു കാര്യമില്ല.

## ആത്മീയത കലാപവിഷയം?

■ *"ഇസ്‌ലാമിന്റെ ആത്മീയവശം പൂർണമായി മാറ്റിവെച്ച് രാഷ്ട്രീയ ഇസ്‌ലാമിനുവേണ്ടി ബഹളം വച്ചിരുന്നവർ പോലും ആത്മീയതക്കുവേണ്ടി കാമ്പയിൻ നടത്തുകയാണിപ്പോൾ. ആത്മീയത മാത്രമല്ല, മതത്തിന്റെ ഒരു ഭാഗവും കച്ചവടവത്കരിക്കുന്നത് അംഗീകരിക്കാനാവുന്നതല്ല. ആ അർഥത്തിൽ പുതുമയില്ലെങ്കിൽ പോലും പുതിയ പാർശ്വവത്കൃത മുദ്രാവാക്യങ്ങൾക്ക് പ്രസക്തിയുണ്ട്. എതിരാളികൾ തന്നെ അനുകൂലികളാവുന്നത് സന്തോഷകരവുമാണല്ലോ. പക്ഷേ, ഇത്തരം പാഷാണ്ഡവാദികളോട്, കച്ചവടമല്ലാത്തതുപോലെ ആത്മീയത കലാപവുമല്ലെന്ന് ഓർമപ്പെടുത്തേണ്ടിവന്നിരിക്കുന്നത്, അവരുടെ ഉദ്ദേശ്യശുദ്ധിയെ മലിനീകരിക്കുന്നുവെന്നതാണ് സത്യം" (സുന്നി വോയ്സ് ദ്വൈവാരിക 2007 ഡിസംബർ 1-15).*

*സോളിഡാരിറ്റി സംഘടിപ്പിച്ച 'ആത്മീയത കച്ചവടമല്ല വിമോചനമാണ്' എന്ന കാമ്പയിനെ പരാമർശിച്ച് എസ്.വൈ.എസ് മുഖപത്രത്തിന്റെ മുഖമൊഴിയിൽ എഡിറ്ററുടെ ആദ്യ വരികളാണ് മുകളിലുദ്ധരിച്ചത്. മുജീബിന്റെ പ്രതികരണമെന്ത്?*

***അബൂ അജ്മൽ***
***ചെറുകുളമ്പ്, മലപ്പുറം***

**ഇ**സ്‌ലാമിന്റെ ആത്മീയത ജീവിതത്തെയാകെ നയിക്കുകയും നിയന്ത്രിക്കുകയും വേണമെന്ന ശാഠ്യത്തിൽനിന്നാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ജനനം. സജീവ ജീവിതതുറകളാകെ ഇബ്‌ലീസുകൾക്ക് തീറെഴുതി സ്വകാര്യജീവിതത്തിൽ മാത്രം ആത്മീയതയെ കുടിയിരുത്തിയതിന്റെ സ്വാഭാവിക പരിണതിയാണ് ആത്മീയതയുടെ കച്ചവടവത്കരണം. ഈ കച്ചവടത്തോട് കലഹിച്ചുകൊണ്ടേ ചൂഷിത സമൂഹത്തെ വിശ്വാസപരമായ വ്യതിചലനങ്ങളിൽനിന്ന് മോചിപ്പിക്കാനാവൂ. ഇരകൾക്ക് ബോധം വരുന്നതിൽ വേട്ടക്കാർ അസ്വസ്ഥരാവുക സ്വാഭാവികം. ■